**D 93729** (Pages : 2) Name..................................

Reg. No..................................

# FIRST SEMESTER B.Com./B.B.A. DEGREE EXAMINATION NOVEMBER 2020

(CBCSS)

Malayalam

MAL 1A 07 (2)—MALAYALA SAHITHYA PADANAM I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

1. "ഇവയെ കാവ്യസൗന്ദര്യത്തിന്റെ മാത്രമല്ല, എല്ലാ സൗന്ദര്യത്തിന്റെയും സാമാന്യലക്ഷണങ്ങളായി സ്വീകരിക്കാം" ഏതിനെയൊക്കെ ?
2. "ഇതാണ് ഇന്നത്തെ മതസൗഹാർദ്ദ പരിപാടികളുടെ നിജസ്ഥിതി" ഏത് ?
3. "ആ നിശ്ശബ്ദത മനസ്സിനെ മരവിപ്പിക്കുന്നതായിരുന്നു "—വിവക്ഷയെന്ത് ?
4. ത്യാഗരാജസ്വാമികളെപ്പറ്റി സ്വാതിതിരുനാൾ പറഞ്ഞത് എന്തായിരുന്നു ?
5. "സ്പർശിനികളെ സങ്കോചിപ്പിച്ച് മൃത്യു തുല്യമായ സുഖനിദ്രയിൽ മുഴുകുവാൻ അവർക്ക് അവസരം ലഭിച്ചു" ആർക്ക് ? എങ്ങനെ ?
6. "സിംഹമല്ലാതായിത്തീർന്ന സിംഹത്തെക്കാൾ ദയനീയമായി മറ്റെന്താണുള്ളത്" വിവക്ഷിതം വ്യക്തമാക്കുക.
7. കാട്ടുരാജാവിന്റെ രോഗകാരണമെന്ത് ? അത് ഉമാപതി പരിഹരിച്ചതെങ്ങനെ ?
8. ഉമാപതിയുടെ അവസാനപ്രതികരണം എന്തായിരുന്നു ?
9. റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ രാമൻ നായരുടെ നാവ് എങ്ങനെയുള്ളതായിരുന്നു ?
10. ഏകാക്ഷരങ്ങൾ കൊണ്ട് അതിസങ്കീർണ്ണങ്ങളായ ആശയങ്ങൾ വെളിപ്പെടുത്തുന്ന ഭാഷ സൂചിമുഖിയിൽ ഉപയോഗിച്ചിരിക്കുന്നതെങ്ങനെ ?
11. 'പാടാൻ കവല'യെ ദൈവത്തിന്റെ വഴി എന്നു വിളിക്കുന്നതിനുള്ള കാരണമെന്ത് ?
12. നീലിമ അസ്വസ്ഥയായതെപ്പോൾ ?
13. "എവന്റെയൊക്കെ നാക്ക് തീട്ടം കൊണ്ട് ഉണ്ടാക്കിയതാ, സാറിടപെടേണ്ട " സന്ദർഭം എഴുതുക.

Turn over

Scanned with CamScanner

14. "ദേഹം മുഴുവൻ ചോരയോടെ നിന്ന എന്നെ പടിവിടാതെ തന്നെ വലിച്ചിഴച്ചു കൊണ്ടു ചെന്ന് ഷെഡ്ഡിലേക്ക് എത്തിച്ചു" ആരെ ? എത്തിച്ചതാര് ?

15. "ഇതിപ്പോൾ സർക്കാർ രഹസ്യമാണ്. നിങ്ങളെ കണ്ടതു കൊണ്ട് പറഞ്ഞു പോയതാണ് "—എന്തായിരുന്നു ആ രഹസ്യം ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

16. "ആ കലാകാരൻ വെറുമൊരു മഹാരാജാവു മാത്രമല്ല,ധീരനായ ഒരു ദേശാഭിമാനി കൂടിയാണെന്ന് എനിക്കു മനസ്സിലായി"—ആരെക്കുറിച്ചാണ് പരാമർശം ? സന്ദർഭം എഴുതുക.

17. ഇന്നത്തെ കവിതാനിരൂപണത്തിന്റെ പോരായ്മയായി എം.എൻ. വിജയൻ വ്യക്തമാക്കുന്നതെന്ത് ?

18. ചെറിയ ഒരു നോട്ടു പുസ്തകവും പുതുതായി ചെത്തിക്കൂർപ്പിച്ച ഒരു പെൻസിലുമായി രാമൻനായർ പറമ്പിന്റെ തെക്കെരികിലുള്ള കുറ്റിച്ചെടികൾക്കടുത്തു പോയി നിൽക്കാൻ ഇടയായതെങ്ങനെ ?

19. "ദേശപ്പകർച്ചയുടെ അനുഭവം മനുഷ്യരിലൂടെ ബോധ്യപ്പെടുമ്പോഴുണ്ടാകുന്ന അനുഭവം വേറേ തന്നെയാണ്" വിശദമാക്കുക.

20. നായാടി സമൂഹത്തിന്റെ പ്രത്യേകതകൾ ജയമോഹൻ വിവരിക്കുന്നത് എപ്രകാരം ?

21. "അയാളെ തള്ളിയിട്ട് ചവിട്ടിയരച്ചു. മെതിച്ച് ചെളിയായി മാറ്റി മണ്ണോടു മണ്ണാക്കണമെന്നു തോന്നി". ആരെ ? ഈ മനോവികാരത്തിനുള്ള കാരണമെന്ത് ?

22. മതത്തിന് ബാഹ്യം, ആഭ്യന്തരം എന്ന് സുകുമാർ അഴീക്കോട് രൂപഭേദം നിർണയിക്കുന്നതിന്റെ അടിസ്ഥാനമെന്ത് ?

23. വസ്തുവിന്റെ സൗന്ദര്യം അവാസ്തവികമാണ് എന്നു പറയുന്നതിലെ അയുക്തിയെന്ത് ?

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. മതനന്മയെ കണ്ടെത്തലാണ് യഥാർത്ഥ മതം സാക്ഷാത്കരിക്കുന്നത്–ഡോ. സുകുമാർ അഴീക്കോടിന്റെ നിലപാട് വിശദമാക്കുക.

25. മൃഗതുല്യമായ മനുഷ്യജീവിതത്തിന്റെ ദയനീയചിത്രങ്ങൾ 'നൂറു സിംഹാസനങ്ങൾ' മുന്നോട്ടു വയ്ക്കുന്നതെങ്ങനെ ?

26. ആഖ്യാനഘടനയിലും പ്രമേയഗൗരവത്തിലും 'അയൽരാജാവ് ' എന്ന ചെറുകഥ പ്രകടമാക്കുന്ന സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

27. നിങ്ങൾ കുടകിൽ നിന്നും മടങ്ങിപ്പോകും. പക്ഷേ, കുടക് ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കില്ല. എൻ. പ്രഭാകരന്റെ കുടകുകുറിപ്പുകളെ മുൻനിർത്തി അപഗ്രഥിക്കുക.

(2 × 10 = 20 marks)

Scanned with CamScanner